# GLPS KALANAD NEW

( P.O ) KALANAD ,KASARAGOD



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

GLPS KALANAD NEW
P.O. KALANAD
671317
Date
School Code :

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | :ജി എൽ പി സ്കൂൾ കളനാട് ന്യൂ |
| വിലാസം | :കളനാട്,പി.ഒ കളനാട്<br>കാസർഗോഡ് ജില്ല .പിൻ-671317 |
| സ്കൂൾ കോഡ് | :11409 |
| UDISE കോഡ് | :32010300504 |
| വിദ്യാഭ്യാസ ഉപജില്ല | :കാസർഗോഡ് |
| ബി.ആർ.സി | :കാസർഗോഡ് |
| സി.ആർ.സി | :ചെമ്പിരിക്ക |
| ഗ്രാമ പഞ്ചായത്ത് | :ചെമ്മനാട് |
| വാർഡ് | :15 |
| ബ്ലോക്ക് പഞ്ചായത്ത് | :കാസർഗോഡ് |
| ജില്ലാ പഞ്ചായത്ത് | :കാസർഗോഡ് |
| നിയമസഭാമണ്ഡലം | :ഉദുമ |
| താലൂക്ക് | :കാസർഗോഡ് |
| വില്ലേജ് | :കളനാട് |
| ഇ മെയിൽ | :11409kalanadnew@gmail.com |

# ആമുഖം

1925 ൽ ആരംഭിച്ച ജി എൽ പി സ്കൂൾ കളനാട് ന്യൂ എന്ന ഈ പൊതുവിദ്യാലയം 2003 വരെ സംസ്ഥാനപാതയോരത്തെ ഓടിട്ട കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്.

26.04.2003 മുതൽ വിദ്യാലയം പാതയോരത്തു നിന്ന് മാറി കൊമ്പൻപാറ ഭാഗത്ത് യു എ ഇ കളനാട് മുസ്ലിം ജമാ-അത്ത് കമ്മിറ്റി സംഭാവന ചെയ്ത സ്ഥലത്ത് എസ് എസ് എ യും ജില്ലാ പഞ്ചായത്തും സംയുക്തമായി നിർമിച്ച ഇരുനിലകെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു.

ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി ഇരുന്നൂറ്റി അമ്പതോളം കുട്ടികൾ അക്കാലത്ത് പഠിച്ചിരുന്നു.എന്നാൽ തുടർന്നുള്ള കാലങ്ങളിൽ അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ കടന്ന് വരവോടെ ഈ വിദ്യാലയത്തിലും വിദ്യാർഥികളുടെ പ്രവേശനത്തിൽ ഗണ്യമായ കുറവുണ്ടായി.

2025-26 അധ്യയനവർഷം ഒന്നു മുതൽ നാലു വരെ ക്ലാസുകളിലായി 57 വിദ്യാർഥികൾ പഠിക്കുന്നു.കൂടാതെ പി ടി എ നേതൃത്വത്തിൽ 2022-23 മുതൽ ആരംഭിച്ച പ്രീ പ്രൈമറി ക്ലാസിൽ 16 വിദ്യാർഥികളും ഉണ്ട്.

സ്കൂൾ നൂറാം വാർഷികാഘോഷം വിപുലമായ രീതിയിൽ 2025 ഏപ്രിൽ മാസം സംഘടിപ്പിക്കപ്പെട്ടെങ്കിലും സ്കൂളിന്റെ മെച്ചപ്പെട്ട ഭൗതിക ആവശ്യങ്ങളുൾപ്പെടെ ഇനിയും നേടിയെടുക്കാൻ പൂർവവിദ്യാർഥികളുടേയും നാട്ടുകാരുടേയും രക്ഷിതാക്കളുടേയും മറ്റ് വിദ്യാഭ്യാസ ഏജൻസികളുടേയും പിന്തുണ ആവശ്യമാണ്.

# കുട്ടികളും ജീവനക്കാരും

| ക്ലാസ് | ഡിവിഷൻ | ആൺ | പെൺ | ആകെ | അറബിക് |
|---|---|---|---|---|---|
| 1 | 1 | 4 | 6 | 10 | 8 |
| 2 | 1 | 5 | 9 | 14 | 8 |
| 3 | 1 | 12 | 7 | 19 | 13 |
| 4 | 1 | 7 | 7 | 14 | 12 |
| ആകെ | 4 | 28 | 29 | 57 | 41 |

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഹെഡ്മാസ്റ്റർ | 1 |
| 2 | എൽ പി എസ് ടി | 3 |
| 3 | ജൂനിയർ ലാംഗ്വേജ് അറബിക് | 1 |
| 4 | പി ടി സി എം | 1 |

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാംവർഷത്തെ വിനിയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്തഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിറുത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് അതിനുവേണ്ടിയാണ്.

ഓരോ മാസത്തേയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോമാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്.

(2)

## വാർഷികലക്ഷ്യങ്ങൾ

1) ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവു നേടുക.

2) ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവു നേടുക.

3) ഓരോ കുട്ടിയും സർഗ്ഗാത്മക രചന നടത്താനുള്ള കഴിവു നേടുക.

4) ഓരോ കുട്ടിയുടേയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.

5) ലളിതമായ വായനക്കാർഡുകൾ നിർമ്മിക്കുന്നു.

## ജൂൺ മാസത്തെ പ്രധാനലക്ഷ്യങ്ങൾ

1) പൂർണ്ണ പങ്കാളിത്തമുള്ള CPTA ഉറപ്പാക്കുക.

2) എല്ലാ കുട്ടികൾക്കും സ്വതന്ത്ര ഭാഷണത്തിന് അവസരം സൃഷ്ടിക്കുക.

3. രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചു- കേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക.

4) വായിച്ചുകേട്ട കഥ ക്ലാസിൽ ആശയചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുക.

5) ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനുമുള്ള വായനാകാർഡുകളുടെ വായന.

6. പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും സംഘമായും താളമിട്ട് സദസ്സിനുമുമ്പാകെ അവതരിപ്പിക്കുന്ന പാട്ടരങ്ങ് നടത്തുക.

7. ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക.

## ജൂൺ മാസപ്രവർത്തനങ്ങൾ

1) പൂർണ്ണപങ്കാളിത്ത CPTA.

2) വായനോത്സവം.

3) കലോത്സവം

4) ഒന്നൊരുക്കം (സന്നദ്ധതാപ്രവർത്തനങ്ങൾ)

5. വായനാകാർഡുകൾ

6. സചിത്രനോട്ട്ബുക്ക്.

7. അക്കാദമിക മാസ്റ്റർപ്ലാൻ അവതരണം.

ജൂലൈ

* സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ.
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
* വായനാമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* ചെറിയ കഥകൾ കേൾക്കാനവസരം നല്കുന്നു.

ആഗസ്റ്റ്

* പാട്ടരങ്ങ്.
* സംയുക്തഡയറി എഴുത്ത് തുടരുന്നു.
* അക്ഷരപ്പാട്ടുകൾ_ചിത്രവായനക്കാർഡുകൾ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.

സപ്തംബർ

* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത- ഡയറി മെച്ചപ്പെടുത്തുന്നു.
* വ്യക്തിഗത രചനകൾക്ക് അവസരം നൽകുന്നു.
* കുട്ടികളെ സ്വതന്ത്ര വായനക്കാരായി മാറ്റുന്നു.

## ഒക്ടോബർ

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു.

## നവംബർ

* സംയുക്തഡയറിയെഴുത്ത് കൂടുതൽ മെച്ചപ്പെടുത്തൽ.
* വായനോത്സവം തുടരുന്നു.
* രചനോത്സവം തുടരുന്നു.
* താളാത്മകമായി കവിത ചൊല്ലൽ

## ഡിസംബർ

* രചനശേഷി പരിപോഷിപ്പിക്കൽ
* കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു-പോകാതെ പറയാനും എഴുതാനും കഴിയുന്നു.
* സംയുക്തഡയറി മെച്ചപ്പെടുത്തുന്നു.

## ജനുവരി

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം
* കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.

# English

objectives and learning outcomes.

* Respond to simple instructions in the class room.
* Describe orally about the pictures and objects.
* Familiarises with simple words.
* Enjoy songs and sings them with rhythm and action.
* Familiarise the names of birds, animals, their young ones and identifies them from pictures.

## June

* Introduce symbol words.
* provides picture cards.

## July

* Identify familiar words.
* Say familiar words
* Read and write familiar words.

## August

* Enjoy songs and sings them with rhythem and action.
* Describes orally about pictures and objects.

## September

* Read and Write simple words and simple sentences.
* provides picture cards and reading cards.

## October

* Make Word chain, Sentence chain
* Describing words, rhyming words.

## November

* prepare reading cards
* provide more opportunities to read, right and speak English
Write five English words daily.

## December

* Read and understand simple instructions in the class room.

## January

* Enjoy songs and sings them with rhythm and action.
* collect pictures of animals and its young ones.

## February

* provide opportunity to express myself in the classroom.
* English Assembly.

## March

* speaks English fluently
* Read and write simple sentences.
* picture reading and picture descriptio

## Maths

### ലക്ഷ്യങ്ങൾ

* 1 മുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
* 5 വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* ഒരക്ക സംഖ്യകൾ എണ്ണിയെടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
* സംഖ്യകളെ ആരോഹണ, അവരോഹണക്രമത്തിലാക്കുന്നു.
* രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനം, വ്യവകലനം.
* ഒരക്കസംഖ്യകളുടെ വ്യാഖ്യാനം.
* 1 മുതൽ 20 വരെ സംഖ്യകൾ എണ്ണുകയും എഴുതുകയും ചെയ്യുന്നു
* ഒരക്ക സംഖ്യാ പാറ്റേൺ രൂപീകരിക്കൽ
* ഒരക്കസംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിതപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു.
* സംഖ്യാകാർഡ് നിർമ്മിക്കൽ

## ജൂലൈ

* ഗണിതകിറ്റ് തയ്യാറാക്കുന്നു.
* സംഖ്യാകാർഡ് നിർമ്മിക്കൽ.

## ആഗസ്റ്റ്

* 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂടുതൽ കുറവ് തിരിച്ചറിയുന്നു.

## സെപ്തംബർ

* സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ, ആലപിക്കൽ
* ഒരക്കസംഖ്യകളുടെ സങ്കലനം, വ്യവകലനം.

## ഒക്ടോബർ

* ഒറ്റസംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ
* വലിയസംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
* ഉല്ലാസഗണിതപ്രവർത്തനങ്ങൾ.

## നവംബർ

* സംഖ്യാഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
* സംഖ്യകളുടെ ആരോഹണം, അവരോഹണം.

## ഡിസംബർ

സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.

## ജനുവരി

1 to 10 വരെയുള്ള സംഖ്യകളുടെ വ്യാഖ്യാനം.

ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലനം, വ്യവകലനം.

## ഫെബ്രുവരി

വില വിവര പട്ടിക പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
* ഉല്ലാസഗണിതം പ്രവർത്തനങ്ങൾ
* സംഖ്യകളുടെ പകുതി, തുല്യം എന്നിവ തിരിച്ചറിയുന്നു.

IV

## പരിസരപഠനം

**ലക്ഷ്യം**

- ആഹാരശീലങ്ങളുടേയും ഭക്ഷണവസ്തുക്കളുടേയും പ്രത്യേകതകൾ തിരിച്ചറിയുന്നു.

കാലം — ജൂൺ, ജൂലൈ, ആഗസ്റ്റ്

**പ്രവർത്തനം**

ഭക്ഷ്യമേള, പ്രദർശനം
നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള
പാചകവും, രുചി അറിവും

- പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും

കാലം - ഡിസംബർ, ജനുവരി.

**പ്രവർത്തനം** :- പൂന്തോട്ടം
ഔഷധത്തോട്ടം } നിർമ്മാണം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് : 2A

മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികാസങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

*പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

* മുന്നൊരുക്കം

- പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലത്തിൽ ഉള്ള കുട്ടികളെ കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്നോക്കകുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

* പ്രവർത്തന ലക്ഷ്യം

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

* ഇടപെടൽ

- ചിത്രകാർഡുകൾ നൽകൽ.
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ.
- വായനാ സാമഗ്രികൾ നിർമിക്കൽ.
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്ത സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്ന

*ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ.
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.
- വീട്ടു ലൈബ്രറി ഒരുക്കൽ.
- ചിത്ര വിവരണം
- വായന തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

*സെപ്റ്റംബർ

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ.
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ.
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ.
- വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ.

*ഒക്ടോബർ

- കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ, എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.

• വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന സന്ദർഭങ്ങൾ നൽകുന്നു.

ഉദാ:- ആന

വലിയ ആന

കറുത്ത വലിയ ആന

*നവംബർ

• കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

*ഡിസംബർ

• ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

• ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാകുന്നതിന് തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

*ജനുവരി

• വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കൽ.

• ലഘു വിവരണങ്ങൾ, പ്രത്യേകതകൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

ഫെബ്രുവരി

• എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ.

• കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം ഒരുക്കൽ.

*ഇംഗ്ലീഷ് ഭാഷാപഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ. |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ആഴ്ച്ചയിൽ ഒരിക്കൽ. | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് മാഗസിൻ. | സർഗാത്മക രചനശേഷി വികാസനം | 3 മാസത്തിൽ ഒരിക്കൽ. | ക്ലാസ് ടീച്ചർ. |
| ഇംഗ്ലീഷ് കൈയെഴുത്ത് | രചനാ മികവ് | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ. |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ. | ക്ലാസ് ടീച്ചർ | അവധിക്കാലം. |

മേഖല : ഗണിതം

ക്ലാസ് - 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|
| ഗണിതം ലളിതമാക്കുക<br><br>ഗണിത പിന്നാക്കാവസ്ഥ പരിഹരിക്കുക | * പ്രീടെസ്റ്റ്<br>* സംഖ്യാബോധം ഉറപ്പിക്കൽ<br>* സംഖ്യാകാർഡ് നൽകൽ/നിർമിക്കൽ<br>* സംഖ്യാ റിബ്ബൺ നിർമിക്കൽ<br>* അബാക്കസ്, മുത്തുകൾ ഉപയോഗം<br>* സ്ഥാനവില നിർണയം ശരിയാക്കൽ<br>* ഗണിത കേളികൾ, പസിലുകൾ പരിചയപ്പെടൽ | ജൂൺ ജൂലൈ<br><br>ആഗസ്റ്റ് - സെപ്തംബർ<br><br>ഒക്ടോബർ - ഫെബ്രുവരി | ക്ലാസ്ടീച്ചർ<br>SRG<br>PTA |

STD-II

# മലയാളം

ലക്ഷ്യം:

- നാടൻ പാട്ട് ചൊല്ലിയിട്ടും സ്വയം താളം പിടിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക
- വാക്കത്താരി നിർമാണത്തിൽ പ്രാവീണ്യം നേടുക.
- പഴഞ്ചൊല്ലുകളും നാട്ടുമൊഴികളും സ്വന്തം ഭാഷാ പ്രയോഗത്തിൽ ഉചിതമായി ഉൾപ്പെടുത്തി എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- സാഹിത്യ രചനകൾ (കവിത, വിവരണം, കഥ വായിച്ചും. കേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക.

- വിവിധ മേഖലകളുമായി ബന്ധപ്പെട്ട കടങ്കഥ ശേഖരണം
- കടങ്കഥ നിർമ്മാണം, പതിപ്പ് തയ്യാറാക്കൽ
- കടങ്കഥ ശില്പശാല
- ഗ്ലൗസ് കലാരൂപങ്ങളുടെ ശില്പശാല പ്രദർശനം.
- കലാരൂപങ്ങളുടെ വേഷവിധാനം, ചിത്രശേഖരണം., ആൽബം തയ്യാറാക്കൽ

**കഥോത്സവം:**

- നാട്ടുകഥകൾ ശേഖരണം, അവതരണം
- കഥാപാത്ര ചിത്രീകരണം.
- സ്വന്തം ആശയത്തിൽ കഥ അവതരണം.
- കഥാ പൂരണം.
- കേട്ട കഥകൾ പാവനാടകമായി അവതരണം
- നാട്ടുകഥകൾ പറയുന്ന മുതിർന്നവരെ കണ്ടെത്തി അവതരണം

**നിഘണ്ടു പരിചയം - ജൂലൈ - മാർച്ച്**

- മലയാള അക്ഷരങ്ങൾ അകാരാദി ക്രമത്തിൽ എഴുതുന്നു. നിർദ്ദിഷ്ട വാക്കുകളുടെ അർത്ഥം കണ്ടെത്തുന്നു.

ജൂൺ

വായ്ത്താരികൾ അടങ്ങിയ നാടൻപാട്ടുകൾ കേൾക്കുന്നതും അവതരിപ്പിക്കുകയും ശേഖരിക്കുകയും ചെയ്യുന്നു.
ശേഖരിച്ച വായ്ത്താരികൾ ക്ലാസ്സുകളിലും വേദാന്ത സർഗ്ഗവേളകളിലും വ്യത്യസ്ത ഈണത്തിൽ അവതരിപ്പിക്കുന്നു
ശേഖരിച്ച വായ്ത്താരികൾ അടങ്ങിയ പതിപ്പ് നിർമാണം.

- നാടൻപാട്ട് ശില്പശാല
- പാവനാടകം പരിചയപ്പെടുത്തൽ, അവതരണം.

ജൂൺ - ജൂലൈ

- പഴഞ്ചൊല്ല് ശേഖരണവും പതിപ്പ് നിർമാണവും.
- പഴഞ്ചൊല്ല് ആശയങ്ങൾ കണ്ടെത്താൻ

റീഡേഴ്സ് തിയേറ്റർ :-

കുട്ടികൾക്ക് പരിചിതമായ കഥ നൽകുന്നു.

വായന

കഥാപാത്രങ്ങളെ കണ്ടെത്തൽ.

നരേറ്ററെ കണ്ടെത്തൽ.

നരേറ്റർ സംസാരിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ

സ്ക്രിപ്റ്റ് രചന, വായന

അവതരണം

നാടകം

- ജൂൺ അറിവ് പരിശോധന

# English

Aim

To speak Read and write English without mistakes.

Pre test : To check vocabulary and writing skills of pupils

June - July

To develop listening and reading skill

Listening skill :

- Games, Action songs Hello English Activities
- conversation, skit, stories use ICT

Speaking skills

- Identifying the naming words from the picture
- Identify the action words "
- make simple sentences - making action words from the picture
- make simple discription about the picture
- Growing sentences, picture reading. self introduction (Assembly)

Activities: speech, book review, quiz, self introduction

## August and september

- Develop the creative speaking and writing

Reading skills:-

1- News papper reading. library book reading. book-review, reading breaking news

2. find words
3. collect and read past tense
4. rhyming words
5. describing words
6. Text book activities

Writing skills:-

1. make word web
2. picture discription
3. word chain, sentence chain
4. make words and sentences
5. make riddles, conversation
6. Add more lines

Activities

speech, book review, quiz, riddles school radio, Magazin etc.

October November:

To express thoughts and feelings

Reading skills

1. News paper reading, library book reading
book review.

2. conversation, skit, stories use ICT materials

3. Develop Stories

4. Read Notice

Writing skills

1. discription

2. notice proclamation

3. Thought.

Activities : speech, quiz, riddles, school radio

December and January

1. Develop the creative speaking and writing

2. To express thought feelings etc

Reading skills

1. News papper, library books - reading

2. conversation, skit stories use ICT materials

3. Reading breaking News

# പരിസര പഠനം

1. ലക്ഷ്യം:

* ചുറ്റുപാടുമുള്ള സസ്യങ്ങളെയും മറ്റു ജീവജാലങ്ങളെയും അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാദൃശ്യ, വിത്യാസങ്ങൾ നിരീക്ഷണത്തിലൂടെ തിരിച്ചറിഞ്ഞ് തരംതിരിക്കുന്നു

~~* വ്യക്തി ...~~

ജൂൺ - ജനുവരി

ഞാനും എന്റെ പരിസരവും:

ജൈവ വൈവിധ്യ ഉദ്യാന സന്ദർശനം, സസ്യങ്ങളെ നിരീക്ഷിക്കൽ. പ്രത്യേകതകൾക്കനുസരിച്ച് തരം തിരിച്ച്
വളർച്ച രീതികൾ മനസിലാക്കൽ

പൂന്തോട്ടം ഒരുക്കാം:

. ജൈവ വൈവിധ്യ ഉദ്യാന നിർമാണം

. സ്കൂൾ പൂന്തോട്ട നവീകരണം

. വീട്ടിൽ പൂന്തോട്ടം.

2. ലക്ഷ്യം

പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക

3 ലക്ഷ്യം

കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക

ദിനാചരണങ്ങൾ - ജൂൺ-മാർച്ച്

* ഓരോ ദിനവും പ്രാധാന്യങ്ങൾ എന്തെന്ന് സ്കൂളിൽ വരുന്ന എന്ന് ബോധ്യപ്പെടുത്തുന്നതിനായി ഓരോന്നിലും സഭയെ പരിശോധിക്കുന്നതിനായി ക്ലബ് ചുമതല നൽകുന്നു

നമ്പർ വൺ ജൂൺ-മാർച്ച്

* ക്ലാസ് തലത്തിൽ ശുചിത്വ മത്സരം
- വ്യക്തി ശുചിത്വം, പരിസര ശുചിത്വം വിലയിരുത്തി മാർക്ക് നൽകുന്നു

പരിസര നടത്തം

- നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയുക
- മലിനീകരണ പ്രശ്നങ്ങൾ കണ്ടെത്തുന്നു
- പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ

നല്ല ശീലം :- ജൂൺ-മാർച്ച്

പോസ്റ്ററുകൾ തയ്യാറാക്കി പരിസരങ്ങളിൽ പതിക്കുന്നു

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക

ജൂൺ - ഒക്ടോബർ:

* ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം
* വിവിധ ആവാസ വ്യവസ്ഥകൾ മനസിലാക്കാം
* ഫീൽഡ് ട്രിപ്പ്
* ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച.
* നമുക്ക് ചുറ്റുമുള്ള മലിനീകരണ പ്രശ്നം സ്വയം തിരിച്ചറിഞ്ഞ് തിരുത്താം - ഫീൽഡ് ട്രിപ്പ്.
* പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യ ഇടപെടലുകൾ തിരിച്ചറിയാം. (ഡോക്യുമെന്ററി പ്രദർശനം) - ചർച്ച.

പൂന്തോട്ടം ഒരുക്കാം - ജൂൺ - മാർച്ച്

* സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ
* വീട്ടിൽ പൂന്തോട്ടം ഒരുക്കൽ

ഒരു തൈ നടാം: ജൂൺ - 5

* പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ പരിപാലിക്കൽ
* പോസ്റ്റർ നിർമാണം

ദാഹജലം - മാർച്ച് - മെയ്

* പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കൽ.

# ഗണിതം

ലക്ഷ്യം :1

നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു, തരംതിരിക്കുന്നു, നിർമിക്കുന്നു നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജ്യാമിതീയ രൂപങ്ങൾ ആസ്വദിക്കുന്നു. ചുറ്റുപാടും നിരീക്ഷിച്ച് വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്നു. വ്യാപിക്കുന്നു. സൗന്ദര്യം ആസ്വദിക്കുന്നു

ജൂൺ

- വിവിധ ഗണിത രൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമ്മാണം, തിരിച്ചറിയൽ, പ്രത്യേകതകൾ മനസിലാക്കൽ
- ഗണിത രൂപങ്ങൾ ഉപയോഗിച്ച് കൊണ്ടുള്ള ആശംസ കാർഡ് നിർമ്മാണം.
- ഉത്താനി നിർമ്മാണം.

ഗണിതരൂപങ്ങൾ ഉപയോഗിച്ച് വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ

- ഗണിത രൂപ ചിത്ര പതിപ്പ് നിർമ്മാണം.

ചിത്ര പാറ്റേണുകൾ തയ്യാറാക്കൽ - മാഗസിൻ നിർമ്മാണം

- ജിയോ ബോർഡ് നിർമ്മാണം
- തീപ്പെട്ടി കമ്പുകൾ ഉപയോഗിച്ചുള്ള വിവിധ ഗണിത രൂപങ്ങളുടെ നിർമ്മാണം.

ലക്ഷ്യം : 2

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികളും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക എഴുതുക.

ജൂൺ - സെപ്തംബർ

- കളം നിറയ്ക്കാം : 1 to 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനങ്ങളിൽ ചിട്ടപ്പെടുത്തി സംഖ്യകളെ യഥാസ്ഥാനത്ത് ക്രോഡീകരിക്കുക
- നറുക്കെടുക്കാം

സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു - കിട്ടിയ സംഖ്യ വായിക്കാം, എഴുതാം.

10 ചങ്ങാതിമാർ: സംഖ്യ നാമ്പ് കൂട്ടുന്നു ചേർന്ന്
വരുന്ന 10 സംഖ്യകൾ എഴുതാനുള്ള അവസരം

പാറ്റേൺ പൂർത്തിയാക്കാം: വിവിധ സംഖ്യാ പാറ്റേണുകൾ
പൂർത്തീകരണം.

ക്രമത്തിലാക്കാം: വ്യത്യസ്ത സംഖ്യകൾ നൽകുന്നു
ആരോഹണ, അവരോഹണ ക്രമത്തിലെഴുതുന്നു

ലക്ഷ്യം: 3

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക-
സംഖ്യയെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ

ജൂലൈ - സെപ്തംബർ

- ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം/കളി നോട്ട് ഉപയോഗിച്ച് കൂട്ടങ്ങളാക്കാം

സംഖ്യാ സ്ലൈഡർ

- ഉരുപ്പായി മാറി സംഖ്യകൾ എഴുതി വ്യത്യസ്ത രീതിയിലേക്ക് മാറ്റുന്നു
- അബാക്കസ് നിർമ്മാണം
- അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യനിർമ്മാണം

# ആമുഖം

നാലാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്രമായ വളർച്ചയും വികാസവും ലക്ഷ്യമിടുന്നതാണ്. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണനയും പഠനത്തിൽ മികവുള്ള കുട്ടികൾക്ക് കൂടുതൽ പഠനാനുഭവങ്ങളും നൽകാൻ ഉദ്ദേശിക്കുന്നു. ഈ മാസ്റ്റർപ്ലാൻ കുട്ടികളുടെ എല്ലാ വിഷയങ്ങളിലെയും കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും അവരുടെ സാമൂഹികവും വൈകാരികവുമായ വളർച്ചയെ പിന്തുണക്കുകയും ചെയ്യുന്നു.

ഈ മാസ്റ്റർപ്ലാൻ നാലാം ക്ലാസ്സിലെ കുട്ടികളുടെ ഭാവിക്ക് മുതൽക്കൂട്ടാകുമെന്ന് വിശ്വസിക്കുന്നു...

# പ്രധാനലക്ഷ്യങ്ങൾ

* വിദ്യാഭ്യാസ നിലവാരം ഉയർത്തുക:
  എല്ലാ വിഷയങ്ങളിലും കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുക.
* പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ സഹായിക്കുക.
  ഓരോ കുട്ടിയുടെയും പഠനനിലവാരം വിലയിരുത്തി അവർക്ക് ആവശ്യമായ പിന്തുണ നൽകുക.
* പഠനത്തെ രസകരമാക്കുക
  കുട്ടികൾക്ക് പഠനം ആസ്വാദ്യകരമാക്കുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക
* കഴിവുകൾ തിരിച്ചറിയുക
  ഓരോ കുട്ടിയുടെയും പ്രത്യേക കഴിവുകൾ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുക.
* സമൂഹവുമായി ബന്ധിപ്പിക്കുക
  സ്കൂൾ പ്രവർത്തനങ്ങളെ സമൂഹവുമായി ബന്ധിപ്പിച്ച് പ്രായോഗിക പരിജ്ഞാനം നൽകുക.

## മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ്ടീച്ചർ | PTA ഫണ്ട് |

## വായിക്കാം വളരാം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂടം ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം വായനാക്കുറിപ്പ്, രചനാ പരിചയക്കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ CPTA | PTA |

ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം പുസ്തകപരിചയം, ക്വിസ്, ലഘുപ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം. പ്രദർശനം | ആവശ്യാനുസരണം | Class teacher CPTA | |
| രുചിച്ചറിയാം | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചകക്കുറിപ്പുകളുടെ പതിപ്പുനിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | Class teacher PTA | PTA |
| സർഗോത്സവം | | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | CPTA Class teacher | PTA |

പ്രവൃത്തി നടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം - അറിവു നിർമ്മാണം | പ്രാരംഭാവസ്ഥയുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| ശാസ്ത്രമേള | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഭൂപടമൊരുക്കാം | | | | |
| കേരളം - ഇന്ത്യ ഭൂപടവായന സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാ നിർമ്മാണം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |

ശാസ്ത്ര വിസ്മയ ചുമർ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്ര പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA. |
| ശാസ്ത്രമാസിക | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |

# - ഗണിതം -

ഗണിത പഠനോപകരണ ശില്പശാല

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി | | | | |
| ഗണിത ശാസ്ത്രപഠനം രസകരമാക്കൽ - കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | | | | |
| ഗണിത ശേഷികളുടെ പ്രദർശനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉല്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |

കളിക്കാം... ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ ഏണിയും പാമ്പും ഡൈസ്കളി സങ്കലനം - വ്യവകലനം (ചെപ്പുവടകളി) | വർഷം മുഴുവൻ | Class teacher | PTA |
| ഗണിതലാബ് | | | | |
| ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗ- പ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ SRG | PTA |
| ഗണിതച്ചുമർ | | | | |
| ഗണിതച്ചുമർ ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരി- ച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |

## വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി** | | | | |
| ഇംഗ്ലീഷ് പദപ്രയോഗങ്ങൾ വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | അസംബ്ലി ചേരൽ (നിശ്ചിതം കുട്ടികൾക്ക്) | ആഴ്ചയിൽ ഒന്ന് (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി** | | | | |
| തെറ്റില്ലാത്ത ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ | ആഴ്ചയിൽ രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ, വായനാവേദി ഒരുക്കൽ | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമഗ്രികൾ |
|---|---|---|---|---|
| സർഗാത്മക പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, drama, conversation, story telling) | പാഠഭാഗങ്ങൾക്കനുസരിച്ച് | ക്ലാസ് ടീച്ചർ | |
| | | | | |

# അക്കാദമിക് പ്ലാൻ- അറബിക്

ജി.എൽ.പി.എസ് കളനാട് നില
കളനാട്.പി.ഒ. കാസറഗോഡ് ജില്ല

| ക്രമ നമ്പർ | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | അറബിക് മധുരം:<br><br>ലക്ഷ്യം: അറബിക് ഭാഷയിൽ പിന്നോക്കം നില്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | എഴുത്ത്, വായന:<br><br>* ടെസ്റ്റ് നടത്തി പിന്നോക്കം നില്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br><br>* അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പൈന്റിൽ അക്ഷരങ്ങൾ നല്കി കുട്ടികൾ നിറം നല്കുക<br><br>* ഓരോ കുട്ടികൾക്കും ഓരോ ടാബ് വീതം നല്കി ഇൻസ്റ്റാൾ ചെയ്ത അക്ഷര ഗൈമുകൾ നല്കുന്നു. അധ്യാപകന്റെ മേൽനോട്ടത്തിൽ കുട്ടികൾ ഗൈമിലൂടെ ആസ്വധിച്ച് അക്ഷരങ്ങൾ പഠിക്കുന്നു<br>* പ്രത്യേകം തെയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സമയത്ത് "അറബിക് മധുരം" ക്ലാസ് നല്കുക | 2 മാസം | പുസ്തകങ്ങൾ<br><br>കമ്പ്യൂട്ടർ<br><br>ടാബ് | ബി.ആർ.സി<br><br>ഡയറ്റ്<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | | |
|---|---|---|---|---|---|
| 3 | ആസ്വാദന ലോകം | **1. ആസ്വാദന സഭ:**<br>• പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിലൊരിക്കൽ അസ്വാദന സഭ ചേരുക<br>• ഒരിക്കൽ അവതരിപ്പിച്ച വിദ്യാർത്ഥികൾ അടുത്ത സഭയിൽ അസ്വാദകരാവണം<br><br>**2. കാഴ്ചയും കേൾവിയും:**<br>നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ.സി.ഡി പ്രൊജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം:** ഖുർആൻ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ.സി.ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്ക് ശേഷം മുതിർന്ന ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടീസ് ബോർഡിൽ പതിക്കുക..<br><br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |
| 6 | **അറബിക് അസംബ്ലി** | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br><br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br><br>പുസ്തകം പരിചയപ്പെടുത്തൽ<br><br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | | | |
| 7 | **അറബിക് ഫെസ്റ്റ്** | അറബിക് ദിനത്തിലോ അല്ലാതെയോ ഒരു ഫുൾ ഡേ/ ഹാഫ് ഡേ അറബിക് ഫെസ്റ്റ് നടത്തുക<br><br>**കാര്യപരിപാടികൾ:**<br>• ഉദ്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളിൽ നടത്തിയ അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാ അവതരണം<br>• തെരഞ്ഞെടുത്ത അറബിക് കവി/സാഹിത്യകാരൻ/ പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ | | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | • തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർഷനം<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |
| 8 | **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്ത വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br>ഭാഷാ സ്നേഹികൾ<br>അറബി ഭാഷാ പഠിതാക്കൾ |
| 9 | **നല്ല എഴുത്ത്**<br>ലക്ഷ്യം: കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയിടെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖി, രിഖഇ) എഴുത്തുകളാണ.<br>* ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നല്കി പരിശീലനം നല്കൽ | 1 വർഷം | പുസ്തകങ്ങൾ | |

950

| | | | | | |
|---|---|---|---|---|---|
| | | * വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക<br><br>* ചുമർ പത്രിക | | | |
| 10 | ഡിജിറ്റൽ ലോകം<br><br>ലക്ഷ്യം:<br>• എല്ലാ കുട്ടികൾക്കും പ്രൈമറി പഠനം കഴിയും മുമ്പ് അവരിൽ കീ ബോർഡ് പഠിക്കൽ<br><br>• പവർ പോയന്റ് പരിചയപ്പെടൽ | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസ്സിൽ നിന്ന് തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവ് നേടുകയും ചെയ്യണം<br><br>* ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുക<br><br>* ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പിപിടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുക | 1 വർഷം | | |
| 11 | എഴുത്തിന്റെ ലോകം: | • ക്ലാസ്സ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം | | ചാർട്ട്<br><br>കളർ | |

| | | | | | |
|---|---|---|---|---|---|
| | | (മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി (A4)സൈസിൽ വൃത്തിയായി എഴുതി കളർ നല്കി ലാമിനേഷൻ ചെയ്ത വായനാ കാർഡ് നിർമ്മിക്കുക | | | |
| 12 | മത്സരങ്ങളുടെ ലോകം: | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിനു (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക, ഉദാഹരണം:<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിങ്ങ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആൻ പാരായണം<br>11. പദപ്പയറ്റ്<br>12. പസിൾസ് | | | |
| 13 | ദിനാചരണങ്ങൾ: | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു<br>• നേരത്തെ | 1 വർഷം | | |

**ഉച്ചഭക്ഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | |
|---|---|---|
| ഉച്ചഭക്ഷണം പോഷകപ്രദവും മികവുറ്റതുമാക്കൽ | • കമ്മിറ്റി രൂപീകരണം.<br>• ഉച്ചഭക്ഷണം വിഭവസമൃദ്ധമാക്കൽ<br>• രക്ഷിതാക്കൾക്ക് ശില്പശാല<br>• "എന്റെ പിറന്നാൾ സ്കൂളിനൊപ്പം" പദ്ധതി. | ജൂൺ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്. |
| **CPTA**<br>PTA , S.S.G തുടങ്ങിയവയുടെ ശാക്തീകരണം. | 1) രക്ഷിതാക്കളെ ക്ഷണിക്കൽ<br>2) ശില്പശാല സംഘടിപ്പിക്കൽ<br>3) ബോധവത്കരണ സെമിനാർ<br>4) ആരോഗ്യക്ലാസുകൾ<br>5) ക്ലാസ് പി.ടി.എ ഫലപ്രദമാക്കൽ. | ജൂൺ<br>ആഗസ്റ്റ്.<br>ഒക്ടോബർ<br>ജൂൺ - മാർച്ച് |

| മേഖല | കല - സാംസ്കാരികം | |
|---|---|---|
| പഠനപാഠ്യേതര മികവുകൾ വർധിപ്പിക്കുക. | • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ പരിചയപ്പെടുത്തൽ<br>• രചനോത്സവം നടത്തൽ.<br>• സർഗാത്മകമായ രചനകൾ<br>• പാട്ടരങ്ങ് നടത്തൽ | ജൂൺ<br>ജൂലായ്<br>ആഗസ്റ്റ്<br>സെപ്തംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജനുവരി<br>ഫെബ്രുവരി. |

GLPS KALANAD NEW

GLPS KALANAD NEW

GLPS KALANAD NEW













GLPS KALANAD NEW

GLPS KALANAD NEW

GLPS KALANAD NEW

GLPS KALANAD NEW

GLPS KALANAD NEW
P.O. KALANAD
671317
Date
School Code - 11405